## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6227**      **31.10.2011 ലെ മറുപടിക്ക്**

### പഞ്ചായത്ത് ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) | പഞ്ചായത്ത് ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) | എങ്കിൽ പ്രധാന കാരണങ്ങൾ എന്തെല്ലാമാണ്; | (ബി) ബാധകമല്ല. |
| (സി) | പഞ്ചായത്ത് ലൈബ്രറികളുടെ ലക്ഷ്യം നിറവേറ്റുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കുമോ: | (സി) ഗ്രാമീണ ജനതയുടെ വൈജ്ഞാനിക പുരോഗതിയും സാംസ്കാരിക ഉന്നതിയും അനൗപചാരിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുകയും ലക്ഷ്യമാക്കിയാണ് പഞ്ചായത്തുകളിൽ ലൈബ്രറികൾ സ്ഥാപിച്ചിട്ടുള്ളത്. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള ലൈബ്രറികളും സാംസ്കാരിക നിലയങ്ങളും വിവരവിജ്ഞാന കേന്ദ്രങ്ങളാക്കി ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | പഞ്ചായത്ത് ലൈബ്രേറിയൻമാർക്ക് മതിയായ പരിശീലനം ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ? | (ഡി) | ലൈബ്രേറി സയൻസിൽ സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായവരെയാണ് സാധാരണ ഗതിയിൽ ലൈബ്രേറിയൻമാരായി നിയമിക്കുന്നത്. |

സെക്ഷൻ ഓഫീസർ